# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4907 — 18.12.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, സണ്ണി ജോസഫ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രധാന നിർമ്മാണ വസ്തുക്കളായ സിമന്റ്, അഗ്രിഗ്രേറ്റ്, ബിറ്റുമെൻ, ബിറ്റുമെൻ മിശ്രിതം, സ്റ്റീൽ ബാർ, കോൺക്രീറ്റ് മുതലായ വയുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വർക്കുസൈറ്റുകളിൽ പരിശോധന നടത്തി കോൺക്രീറ്റ് ബിറ്റുമെൻ മിശ്രിതം, എർത്ത് വർക്ക് എന്നിവയുടെ ഫീൽഡ് ടെസ്റ്റുകൾ നിർവഹിക്കാനുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ടെസ്റ്റ് റിപ്പോർട്ടുകൾ ചീഫ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകാറുണ്ട്. |
| (ബി) എവിടെയെല്ലാമാണ് ഇത്തരം ലാബുകൾ പ്രവർത്തിച്ചുവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരളത്തിലെ 11 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ജില്ലാ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് റീജിയണൽ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ മൂന്നു റീജിയണൽ ലാബുകൾ ജില്ലാ ലാബുകളുടെ ചുമതലയും മേൽനോട്ടവും നിർവഹിക്കുന്നു. |
| (സി) പ്രസ്തുത പരിശോധനകൾ കൊണ്ട് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് ? | (സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ സാധിക്കുന്നു. IS കോഡ് പ്രകാരമുള്ള ഗുണനിലവാരം ഇല്ലാത്ത വസ്തുക്കൾ ഉപയോഗിക്കുന്നത് തടയാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ